**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

<u>ബുള്ളറ്റിൻ ഭാഗം 2</u>

2019 ഫെബ്രുവരി, 04

**നം.630**

**കേരള നിയമസഭാ സുവർണ്ണജൂബിലി മ്യൂസിയം പുനരുദ്ധാരണപ്രവൃത്തികളുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചതിന്റെ ഉദ്ഘാടനം**

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, സംസ്ഥാന പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിർവ്വഹിച്ചുവരുന്ന നിയമസഭാ സുവർണ്ണജൂബിലി മ്യൂസിയം പൈതൃക മന്ദിരത്തിന്റെ സംരക്ഷണ-പുനരുദ്ധാരണ പ്രവൃത്തികളുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചതിന്റെ ഉദ്ഘാടനം, 2019 ഫെബ്രുവരി 6-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്ക്, നിയമസഭാ മ്യൂസിയം അങ്കണത്തിൽ വച്ച് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുന്നതാണ്. ബഹു. സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചടങ്ങിൽ അദ്ധ്യക്ഷനായിരിക്കും. ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശി സ്വാഗതം ആശംസിക്കുന്ന പ്രസ്തുത ചടങ്ങിൽ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, മുഖ്യാതിഥിയായിരിക്കുന്നതും ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, നിയമസഭാ മ്യൂസിയം ഉപദേശകസമിതി ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ. എന്നിവർ ആശംസ അർപ്പിക്കുന്നതുമാണ്. ഉദ്ഘാടനച്ചടങ്ങിനു ശേഷം അനന്തപുരി ഫൗണ്ടേഷൻ, പത്തനാപുരം ഗാന്ധിഭവനെക്കുറിച്ച് തയ്യാറാക്കിയ 'നിരാലംബം' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്.

പ്രസ്തുത വിവരം എല്ലാ അംഗങ്ങളെയും അറിയിക്കുന്നു.

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.